(എ) ജീവനക്കാരുടെ പുനർവിന്യാസം സംബന്ധിച്ച് സെൻ കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് നടപ്പാക്കിയ നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ)&(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് സർക്കാർ ജീവനക്കാരെ പുനർവിന്യസിപ്പിക്കുന്നത് സംബന്ധിച്ച് അധികാര വികേന്ദ്രീകരണ കമ്മിറ്റിയുടെ പൂർണ്ണ റിപ്പോർട്ട് ഇതുവരെ ലഭിച്ചിട്ടില്ല. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

31 (1391) റാങ്ക് ലിസ്റ്റിൽനിന്നുള്ള നിയമനം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിൽ വർക്ക് സൂപ്രണ്ട് നിയമനത്തിനായി പി.എസ്.സി. തയ്യാറാക്കിയിട്ടുള്ള റാങ്ക് ലിസ്റ്റിൽനിന്നും ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നാണവസാനിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ കൃഷിവകുപ്പ് എത്ര ഒഴിവുകളുണ്ടെന്നാണ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം ഏതെങ്കിലും ഒഴിവുകൾ കൃഷി വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്. വിവിധ ജില്ലകളിലായി 12 ഉദ്യോഗാർത്ഥികൾക്ക് വർക്ക് സൂപ്രണ്ട് തസ്തികയിൽ നിലവിലുണ്ടായിരുന്ന ലിസ്റ്റിൽനിന്ന് നിയമനം നൽകിയിട്ടുണ്ട്. ഇപ്പോൾ എറണാകുളം ഡി.ആർ.ബി. പ്രസിദ്ധീകരിച്ച ലിസ്റ്റു മാത്രമാണ് നിലവിലുള്ളത്. ഈ ലിസ്റ്റിന്റെ കാലാവധി 5.7.99-ന് അവസാനിക്കുന്നതാണ്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) കൃഷിവകുപ്പിൽ ഇപ്പോൾ 19 ഒഴിവുകൾ നിലവിലുണ്ട്. ഇതിൽ 12 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റാങ്ക് ലിസ്റ്റ് നിലവിലുള്ള എറണാകുളം ജില്ലയിൽ വർക്ക് സൂപ്രണ്ടിന്റെ രണ്ട് ഒഴിവുകൾ ഉണ്ട്.

32 (1392) എൽ.എം.വി. ഡ്രൈവർമാരുടെ റാങ്ക് ലിസ്റ്റ്

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലാ പി.എസ്.സി. മുഖേന ലൈറ്റ് മോട്ടോർ വെഹിക്കിൾസ് ഡ്രൈവർമാരുടെ റാങ്ക് ലിസ്റ്റ് എന്നാണ് പ്രസിദ്ധപ്പെടുത്തിയത്;

(ബി) ഈ ലിസ്റ്റിൽ നിന്നും ഇതുവരെ എത്രപേരെ നിയമിച്ചിട്ടുണ്ട്;

(സി) വിവിധ ഡിപ്പാർട്ടുമെന്റുകളിലായി ഈ വിഭാഗത്തിന്റെ എത്ര വേക്കൻസി നിലവിൽ ഉണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വേക്കൻസി റിപ്പോർട്ട് ചെയ്യാത്ത ഡിപ്പാർട്ടുമെന്റുകൾക്ക് എത്രയും പെട്ടെന്ന് വേക്കൻസി റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകുമോ;

(ഇ) താൽക്കാലികമായി നിയമിച്ചിട്ടുള്ളവരെ ഒഴിവാക്കി നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ),(ബി),(സി)&(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) നിർദ്ദേശങ്ങൾ നിലവിലുണ്ട്.

33 (1393) സെക്രട്ടേറിയറ്റിലെ കുറവ് ചെയ്ത തസ്തികകൾ

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സെക്രട്ടേറിയറ്റിൽനിന്ന് ഈ ഗവൺമെന്റിന്റെ കാലത്ത് എത്ര തസ്തികകൾ കുറവു ചെയ്തു; ഏതെല്ലാം തസ്തികകൾ;

(ബി) ഈ തസ്തികകളിൽ ജോലി ചെയ്തിരുന്നവരെ എങ്ങോട്ടാണ് മാറ്റിയതെന്ന് അറിയിക്കുമോ;

(സി) ഈ സീറ്റുകളിലെ ജോലി ഇപ്പോൾ എപ്രകാരമാണ് ചെയ്യുന്നത്;

(ഡി) സെക്രട്ടേറിയറ്റിലെ ജോലിഭാരത്തെപ്പറ്റി എന്തെല്ലാം പഠനങ്ങൾ നടത്തിയിട്ടുണ്ട്;

(ഇ) ഇവയിൽ തെളിഞ്ഞ കാര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) തസ്തികകൾ കുറവ് ചെയ്തിട്ടില്ല. പുനർവിന്യസിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ : 7

അസിസ്റ്റന്റ് : 30

(ബി) പെർഫോമൻസ് ഓഡിറ്റ് വിംഗിലേയ്ക്കാണ് പുനർവിന്യസിച്ചിട്ടുള്ളത്.

(സി) അതാതു വകുപ്പുകളിൽതന്നെ പുനഃക്രമീകരണങ്ങൾ ചെയ്തുവരുന്നു.

(ഡി) സെൻകമ്മിറ്റിയുടെ നിർദ്ദേശാനുസരണം നടത്തിയ പ്രവൃത്തി പഠനം കൂടാതെ എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ (1996-98) 12-ാം റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ സെക്രട്ടേറിയറ്റിൽ വിശദമായ ഒരു പ്രവൃത്തി പഠനം ഇപ്പോൾ നടത്തി വരികയാണ്. ഇതുകൂടാതെ നിയമ വകുപ്പിലെ ജോലിഭാരത്തെ സംബന്ധിച്ച് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയും (91-93) പഠനം നടത്തിയിട്ടുണ്ട്.

(ഇ) പി. ആന്റ് എ.ആർ.ഡി. യുടെ പ്രസ്തുത പ്രവൃത്തി പഠനം പൂർത്തിയാക്കിയശേഷം മാത്രമേ പൂർണ്ണ വിവരം ലഭിക്കുകയുള്ളൂ.

34 (1394) ഇൻഫർമേഷൻ ടെക്നോളജി

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly